**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2334 — 12.03.2020-ൽ മറുപടിക്ക്

**പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സെന്റർ ഓഫ് എക്സലൻസ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി. :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കാമോ; | ബി) | ആധുനിക തൊഴിൽ മേഖലകളിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിൽ അവസരങ്ങൾ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സ്ഥാപനം ആരംഭിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് താമസ സൗകര്യത്തോടെ ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പഠനാന്തരീക്ഷം ഒരുക്കിയിട്ടുള്ളത്. പഠനം വിജയകരമായി പൂർത്തീകരിച്ച 40 ഉദ്യോഗാർത്ഥികൾക്ക് കേരളത്തിന് അകത്തും പുറത്തുമുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭ്യമാക്കിയിട്ടുണ്ട്. പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് അവശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കും തൊഴിൽ ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഐ.ടി. മേഖലയിലെ തൊഴിൽ പരിശീലനത്തിനായി പ്രസ്തുത സ്ഥാപനം എന്തെല്ലാം കോഴ്സുകൾ നടത്തി വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; | സി) | ഐ.ടി. മേഖലയിലെ തൊഴിൽ പരിശീലനത്തിനായി മൂന്ന് ഐ.ടി. അധിഷ്ഠിത കോഴ്സുകളാണ് ഇവിടെ നടന്നു വരുന്നത്.<br>1. ഡെസ്ക്ടോപ്പ് എഞ്ചിനീയറിംഗ്<br>2. നെറ്റ് വർക്ക് ആന്റ് സപ്പോർട്ടിംഗ് എഞ്ചിനീയറിംഗ്<br>3. സോഫ്റ്റ് വെയർ ഡവലപ് മെന്റ് |
| ഡി) | മലബാർ മേഖലയിൽ പ്രസ്തുത സ്ഥാപനത്തിന്റെ ശാഖകൾ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | ഡി) | മലബാർ മേഖലയിൽ പ്രസ്തുത സ്ഥാപനത്തിന്റെ ശാഖകൾ പ്രവർത്തിക്കുന്നില്ല. കേരളത്തിലെ എല്ലാ ഗോത്ര വർഗ്ഗ യുവതീ യുവാക്കൾക്കും ഒരു സ്ഥലത്ത് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് തിരുവനന്തപുരത്ത് ഈ സ്ഥാപനം ആരംഭിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**